തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിലെ പേപ്പട്ടി ശല്യം

930. [1369] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിൽ പേപ്പട്ടി ശല്യം വർദ്ധിച്ചിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പട്ടികളെ നശിപ്പിക്കാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ;

(സി) പേപ്പട്ടികളെ പിടിക്കുന്നവർക്ക് സർക്കാർ റേറ്റ് എന്താണ് ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ പേപ്പട്ടി ശല്യം ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി നഗരസഭ സ്വീകരിച്ചു വരുന്നു.

(സി) പേപ്പട്ടികളെ പിടിക്കുന്നതിനായി യാതൊരു റേറ്റും സർക്കാർ നിശ്ചയിച്ചിട്ടില്ല. ഒരു പട്ടിയെ നശിപ്പിക്കുന്നതിന് 5 രൂപ ക്രമത്തിലാണ് കോർപ്പറേഷൻ നൽകി വരുന്നത്.

എ. സി. പ്രവർത്തിപ്പിക്കാത്ത തീയേറ്ററുകൾ

931. [1370] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കണ്ടീഷൻ തീയേറ്ററുകളിൽ എ. സി. പ്രവർത്തിപ്പിക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം തിയേറ്റർ ഉടമകളുടെ പേരിൽ കർശന നടപടികൾ എടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ. സി. പ്രവർത്തിപ്പിക്കാത്ത തീയേറ്റർ ഉടമകളുടെ പേരിൽ നഗരസഭകൾ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

റൂറൽ ഡവലപ്പ്മെന്റ് ബോർഡ് പണിത സ്ഥാപനങ്ങൾ

932. [1371] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഡവലപ്പ്മെന്റ് ബോർഡ് പണിതതും വാടകയ്ക്ക് കൊടുക്കാത്തതുമായ എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) വാടക നിശ്ചയിക്കാൻ ഗവൺമെന്റിൽ നിന്ന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഈ വക സ്ഥാപനങ്ങളുടെ വാടക ആർ. ഡി. സി. യിൽ നിന്ന് തന്നെ നിശ്ചയിച്ചുകൊടുക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly